# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാമനപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.13/261/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 20/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാമനപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.13/261/2023 തീയ്യതി: 20/03/2023

## തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-02-2022 മുതൽ 05-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹഗ്രേ) | 06-02-2023 | 14-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-02-2023 | 14-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിർജിൻ ഷീജ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. പ്രീത ജാസ്മിൻ ഡി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സുനിത ബാബു ബി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രിയദർശിനി എസ് ആർ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജി.ഒ. ശ്രീവിദ്യ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. മനോജ് .എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രതീഷ് കുമാർ .റ്റി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 18-07-2021 |
| ശ്രീ. മനോജ്കുമാർ .എം | അസിസ്റ്റന്റ് സെക്രട്ടറി | 19-07-2021 | 02-01-2022 |
| ശ്രീമതി സബീന ബീവി | അസിസ്റ്റന്റ് സെക്രട്ടറി | 03-01-2022 | 31-03-2022 |
| ശ്രീമതി ലീനാജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. രഞ്ജിത്ത് .ആർ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. അജു | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി അംല ശക്തിധരൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ജിജോമാത്യൂ | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ദീപ്തി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-07-2021 |
| ശ്രീമതി അൻസി | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-07-2021 | 31-03-2022 |
| ശ്രീമതി ശാരിക .ജെ.എസ് | വി.ഇ.ഒ. (എ സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി സുബി | വി.ഇ.ഒ. (ബി സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി സരിത വിജയൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലേഖ .എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി രജനി .ആർ.വി | ആയുർവ്വേദ ഡോക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമ പദ്ധതികൾ | 1-5 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 10 | എൻ.ആർ.ഇ.ജി.എസ് പദ്ധതി - പ്രവർത്തനാവലോകനം | 1-8-1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 12 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണ്ണയവും-അപാകതകൾ | 1-10 |
| 13 | തറ വിസ്തീർണ്ണം സഞ്ചയയിൽ കൃത്യമായി രേഖപ്പെടുത്താതെ നികുതി നിർണ്ണയിച്ചിരിക്കുന്നു | 1-10-1 |
| 14 | 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത | 1-10-2 |
| 15 | നികുതി ഇളവിന് അപേക്ഷ സമർപ്പിക്കാതെ വിമുക്ത ഭടന്മാരുടെ കെട്ടിടങ്ങൾക്ക് നികുതിയിളവ് നല്കിയിരിക്കുന്നു | 1-10-3 |
| 16 | നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു | 1-10-4 |
| 17 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ | 1-11 |
| 18 | വളർത്തു നായകളുടെ ലൈസൻസ് - നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ് | 1-11-1 |
| 19 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-11-2 |
| 20 | പാർപ്പിടം' ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിരിക്കുന്നു. | 1-11-3 |
| 21 | ലേലം - തുടർനടപടികൾ സ്വീകരിക്കുന്നതിലെ അനാസ്ഥ | 1-12 |
| 22 | നിശ്ചിത മാതൃകയിൽ തൊഴിൽ നികുതി പത്രിക സമർപ്പിക്കുന്നില്ല | 1-13 |
| 23 | തൊഴിൽ നികുതി കുറവായി ഈടാക്കുന്നു. | 1-13-1 |
| 24 | സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. | 1-13-2 |

| | | |
|---|---|---|
| 25 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13-3 |
| 26 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-13-4 |
| 27 | ആസ്തിപരിപാലനം - തുടർ നടപടികൾ അനിവാര്യം | 1-14 |
| 28 | ബയോഗ്യാസ് പ്ലാന്റ് - തുടർ പരിപാലനത്തിന്റെയും മോണിറ്ററിംഗിന്റെയും അഭാവത്തിൽ പ്രവർത്തനരഹിതമായി | 1-15 |
| 29 | കാർഷിക കർമ്മസേനയ്ക്ക് കൊയ്ത്ത് യന്ത്രം നല്കൽ - മാർഗ്ഗരേഖ പാലിക്കുന്നില്ല. | 1-16 |
| 30 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - പദ്ധതി നിർവഹണം പൂർത്തിയാക്കിയത് ഉറപ്പു വരുത്തിയിട്ടില്ല. | 1-17 |
| 31 | ആനാകുടി കുടുംബാരോഗ്യ കേന്ദ്രത്തിലെ കുഴൽകിണർ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 1-18 |
| 32 | കരാർ കാലാവധി കഴിഞ്ഞിട്ടും സൗരോർജ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല | 1-19 |
| 33 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 80,000/-രൂപ തടസപ്പെടുത്തുന്നു | 1-20 |
| 34 | പ്രവർത്തന രഹിത ഇലക്ട്രോണിക് ഉപകരണങ്ങൾ - നിർമാർജനം ചെയ്തിട്ടില്ല. | 1-21 |
| 35 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-22 |
| 36 | ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചിട്ടില്ല | 1-23 |
| 37 | മുൻ വർഷങ്ങളിലെ ഇ ടെണ്ടർ ഫോറം വില അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-24 |
| 38 | കന്നുകുട്ടി പരിപാലനം | 1-25 |
| 39 | ആട് വളർത്തൽ സബ്സിഡി തുക- തെറ്റായ അക്കൗണ്ട് നമ്പറിലേക്ക് | 1-26 |
| 40 | ചെലവ് രേഖകൾ ഹാജരാക്കിയില്ല – 1,60,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 41 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS”- എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-28 |
| 42 | ബഡ്സ് സ്കൂൾ തുടർപ്രവർത്തനങ്ങൾ | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് സർചാർജ് നടപടി വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 17/02/2021 ലെ 1/1 -ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 26,52,70,808/- രൂപയും പ്രതീക്ഷിത ചെലവ് 26,31,02,540/- രൂപയും നീക്കിയിരിപ്പ് 21,68,268/- രൂപയുമാണ്. പരിഷ്കരിച്ച ബഡ്ജറ്റ് ഭരണസമിതിയുടെ 19/03/2022ലെ 4/1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കുന്നതിലെ/ ചെലവുകൾ നിയന്ത്രിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു .

1) വിവിധ ഹെഡുകളിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2020-21 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | 2020-21 വാർഷിക കണക്കുകൾ പ്രകാരം വരവ് തുക (ഇൻകം & എക്സ്പെന്റിച്ചർ) |
|---|---|---|
| 110 ആകെ നികുതി വരവ് | 36,00,000 | 27,68,502/- |
| 130 വാടകയിനത്തിലെ വരവ് | 13,65,000/- | 8,19,384/- |
| 140 ഫീസിനങ്ങളിലെ വരവ് | 20,66,000/- | 7,76,858/- |
| 150 Sale & Hire Charge | 4,37,000/- | 2,69,000/- |
| 170 നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 1,70,000/- | 55,227/- |

2) വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്തിരിക്കുന്നു. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2020-21 ബജറ്റ് പ്രകാരം വകയിരുത്തിയ തുക | 2020-21 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 220 ഭരണ ചെലവുകൾ | 12,00,000/- | 12,91,800/- |
| 230 മെയിന്റനൻസ് ചെലവുകൾ | 15,83,000/- | 26,49,033/- |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (6), (8) പ്രകാരം ബജറ്റ് പ്രകാരം വകയിരുത്തിയതിലുമധികമായി ചെലവുകൾ ചെയ്യുവാൻ പാടുള്ളതല്ല.

3) സ.ഉ.(സാധാ) നം.3291/2016 തസ്വഭവ തീയതി 02.12.2016ൽ നിർദ്ദേശിച്ച പ്രകാരം ബജറ്റ് നിയന്ത്രണത്തിനോ, പ്രതിമാസ ബജറ്റ് വിലയിരുത്തലിനോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി / ഭരണസമിതി നടപടികൾ/തീരുമാനങ്ങൾ സ്വീകരിച്ചിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിലും ചെലവുകൾ നിയന്ത്രിക്കുന്നതിലും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 31-07-2022 | 17-10-2022 |

വാർഷിക ധനകാര്യപത്രിക അപാകങ്ങൾ ഒഴിവാക്കി നിയമാനുസൃത സമയപരിധിക്കുള്ളിൽ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയിലെ അപാകതകളും അവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 1 , 12 & 21) ലഭ്യമാക്കിയ മറുപടികളും ചുവടെ ചേർക്കുന്നു.

1) ഓഡിറ്റിനു ലഭ്യമാക്കിയിരിക്കുന്ന വാർഷിക ധനകാര്യ പത്രികയിലെ ട്രയൽ ബാലൻസ് പ്രകാരം മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ (ഷെഡ്യൂൾ B1 മുതൽ B20 വരെ) നീക്കിയിരിപ്പ് തുകകൾ തൻവർഷത്തെ മുന്നിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല.

മുന്നിരിപ്പ് തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സാങ്കേതികമായ പിഴവു കാരണമാണ് ട്രയൽ ബാലൻസിൽ ആയത് ഉൾപ്പെട്ടു കാണാത്തതെന്നും ഐ.എൽ.ജി.എം.എസ് പരിശോധിച്ചാൽ മുന്നിരിപ്പ് ഉൾപ്പെടെ ബോധ്യപ്പെടാനാകുമെന്ന് മറുപടി നൽകി. അപാകം ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) MNREGS ന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവ ക്യാഷ് ബുക്കിലെയും ബാങ്ക് സ്റ്റേറ്റ്മെന്റിലെയും തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്യാഷ് ബുക്ക് പ്രകാരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 348,258.31 | 1300833 | 1652091.31 | 1649141 | 2950.31 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 347258 | 1221280 | 1568538 | 1648791 | 2950.31 |

2019-20 സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ തൊഴിലാളികൾക്ക് 1000/- രൂപ വീതം നൽകിയതിൽ ഒരാളുടെ തുക തിരികെ അക്കൗണ്ടിൽ ക്രഡിറ്റ് ആയതിനാലാണ് മുന്നിരിപ്പിൽ വ്യത്യാസം വന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്.

3) 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പ് തുക 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ട്രഷറി അക്കൗണ്ട് മുന്നിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല. 8,66,300/- രൂപയുടെ വ്യത്യാസം.

2020-21 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുകയും ഭരണസമിതി അംഗീകാരത്തിനായി കാത്തിരിക്കുകയും ചെയ്യുന്ന സമയം ജനറൽ പർപ്പസ് ഫണ്ടിലെ ഒരു ഗഡുവായ തുക 8,66,300/- രൂപ തെറ്റായി വരവിൽ രേഖപ്പെടുത്തി. ഈ മാറ്റം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതിനാലാണ് ഓഡിറ്റിനു സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത വരവ് 05/09/21 ൽ ക്യാൻസൽ ചെയ്ത് അക്കൗണ്ട് ക്രമീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകി.

4) KURDFC ലോൺ വരവ് വാർഷിക ധനകാര്യ പത്രിക പ്രകാരം 40,40.000/- രൂപ. ലോൺ സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 19,80,000/- രൂപ യാണ് തൻവർഷം ലോൺ എടുത്തിട്ടുള്ളത്.

സ്റ്റേറ്റ് ഷെയർ ഇനത്തിൽ ലഭ്യമായ 20,60,000/- രൂപ ലോൺ ഇനത്തിൽ തെറ്റായി രേഖപ്പെടുത്തിയതാണ് ഈ വ്യത്യാസത്തിനു കാരണമെന്ന് മറുപടി നൽകി.

5) SBI ലൈഫ് അക്കൗണ്ടിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 02/07/2019 ലെ വൗച്ചർ നം : 21900293, ചെക്ക് നമ്പർ : 69369 പ്രകാരം 60,000/- രൂപയുടെ Cheque Issued Not Presented To The Bank എന്ന് സൂചിപ്പിച്ചിരിക്കുന്നു. ചെക്ക് നൽകി 6 മാസം കഴിഞ്ഞാൽ ആയത് കാലഹരണപ്പെടുമെന്നിരിക്കെ ആയത് രേഖപ്പെടുത്തി ബാങ്ക് ബുക്കിൽ പ്രസ്തുത തുക ക്രമീകരിച്ചിട്ടില്ല. ബാങ്ക് ബുക്കിൽ ആവശ്യമായ രേഖപ്പടുത്തൽ നൽകി തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകി.

6) സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമായ തുകകൾ ജില്ലാ പഞ്ചായത്ത് വിഹിതം 18,31,894/- രൂപയും ബ്ലോക്ക് പഞ്ചായത്തു വിഹിതം 53,382/- രൂപയും ബാലൻസ്ഷീറ്റ് പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്നു. സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമാകുന്ന ചെലവു തുകകൾ ചെലവഴിക്കാനാകാത്തത് അതാത് സ്ഥാപനങ്ങളിൽ തിരികെ ഒടുക്കിയിട്ടില്ല. ആയത് സ്ഥാപനത്തിന്റെ സാമ്പത്തിക നിലയിൽ പ്രതിഫലിക്കും എന്നതിനാൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

തുക തിരികെ അടവാക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണെന്നു മറുപടി നൽകി.

7) ബാലൻസ് ഷീറ്റ് പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 13,300/- രൂപ ലഭ്യമാകാൻ അവശേഷിക്കുന്നു.

പ്രസ്തുത തുക 2015-16 സാമ്പത്തിക വർഷം മുതൽ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നതാണെന്നും തുക അടവാക്കേണ്ടുന്നവരുടെ വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ലെന്നും ആയതു കണ്ടെത്തി തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

8) ബാലൻസ് ഷീറ്റ് പ്രകാരം Temporary Advance To Official Purpose – 8,87,532/- രൂപ, Advance To Implementing Officers – 16,61,177/- രൂപ എന്നിവ ക്രമീകരിക്കാനവശേഷിക്കുന്നു.

പ്രസ്തുത തുക MGNREGS ന നൽകിയിട്ടുള്ളതാണെന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചു.

9) 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്.

10) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രികകൾ കമ്പ്യൂട്ടർ ജനറേറ്റഡ് ആയതിനാൽ പ്രസ്തുത വിഷയം ഐ.കെ.എം ന്റെ ശ്രദ്ധയിൽപെടുത്തുന്നതാണെന്ന് അറിയിച്ചു.

11) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 124,227/- രൂപ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയത് ഏതിനത്തിലെ തുകയാണെന്ന് കണ്ടെത്തി ചെലവഴിക്കാൻ കഴിയുന്നതാണെങ്കിൽ അത്തരത്തിലും തിരികെ നൽകേണ്ടതുണ്ടെങ്കിൽ അപ്രകാരവും തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

12) 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം (ഹെഡ് കോഡ് 350300101) ലൈബ്രറി സെസ് ഇനത്തിൽ 1,79,458/- രൂപ ഒടുക്ക് വരുത്താൻ അവശേഷിക്കുന്നു.

ലൈബ്രറി സെസ് ഈയിനത്തിലെ തുകകൾ സർക്കാരിൽ ഒടുക്കു വരുത്തുന്നതാണെന്ന് മറുപടി നൽകി.

13) ബാലൻസ് ഷീറ്റ് പ്രകാരം (ഹെഡ് കോഡ് 350800101) Liability In Respect Of Stale Cheque ഇനത്തിൽ 69,490/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

ഓഡിറ്റ് എൻക്വയറിയുടെ മറുപടിയോടൊപ്പം ലഭ്യമാക്കിയ ലഡ്ജർ പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ കാലഹരണപ്പെട്ട തുകകളാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. വരവിനങ്ങളിലെ തുക ലഭ്യമാകാതെ കാലഹരണപ്പെട്ടവ കണ്ടെത്തി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

14) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

15) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents മായി പൊരുത്തപ്പെടുന്നില്ല.

16) 2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിനിയോഗവിവരം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | മുന്നിരിപ്പ് | അനുവദിച്ച തുക | ആകെ | ചെലവ് തുക | ലാപ്സ് ആയ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11210636 | 11210636 | 14852000 | (- 3641364) |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 5164708 | 5164708 | 5312909 | (- 148201) |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | - | -- | - | - |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്(ടൈഡ്) | 0 | 6979087 | 6979087 | 5335186 | 16,43,901 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 4500987 | 4500987 | 3886113 | 6,14,874 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 6466042 | 6466042 | 5767960 | 6,98,082 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1,96,64,600 | 19664600 | 1,41,11,208 | 55,53,392 |
| CSS | 0 | 0 | 0 | 1747454 | (- 1747454) |
| SSS | 0 | 0 | 0 | 2979930 | (-2979930) |

1. സോഴ്സ് ഡിഡക്ഷൻ തുക വരവിൽ ഉൾപ്പെടുത്താതെയും ചെലവിൽ ഉൾപ്പെടുത്തിയുമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നത് .

2) വിവിധ ഗ്രാന്റിനങ്ങളിലെ വരവു ചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ തുകകൾ , എ.സി.ആർ ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | AFS പ്രകാരം | ACR പ്രകാരം |
|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് വരവ് | 1,18,24,865/- | 1,12,92,863/- |
| ഡവലപ്പ്മെന്റ് ഫണ്ട് (ജനറൽ) ചെലവ് | 1,10,64,693/- | 1,12,06,243/- |
| ഡവലപ്പ്മെന്റ് ഫണ്ട് (എസ്.സി.പി) | 48,66,149/- | 51,10,949/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 1,41,11,208/- | 1,49,47,489/- |

3) സി.എഫ്.സി ഗ്രാന്റ് വരവ് ചെലവുകൾ AFS ലെ തുകകളും ACR ലെ തുകകളും സുലേഖ സ്റ്റേറ്റ്മെന്റിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

AFS പ്രകാരം ആകെ വരവ് - 1,06,20,660/-

സുലേഖ പ്രകാരം ആകെ ചെലവ് - 92,21,299/-

നീക്കിയിരിപ്പ് - 13,99,361/ - (1,06,20,660 - 92,21,299) എന്നാൽ AFS പ്രകാരം നീക്കിയിരിപ്പ് 14,11,003/- വ്യത്യാസം 11,642/- രൂപ .

## 1-4 പദ്ധതി അവലോകനം

1)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (ഗുണഭോക്തൃ വിഹിതം ഒഴികെ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 88581125 | 139 | 57454278 | - | 32 | 81 |

(എ) തൻ വർഷം നടപ്പാക്കുന്നതിന് 171 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 138 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആകെ വകയിരുത്തിയ തുകയുടെ 65% തുക മാത്രമാണ് ചെലവഴിച്ചിട്ടുണ്ട്. 35% പദ്ധതി വിഹിതം ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.8/23 തീയതി :07.02.2023 ന് മറുപടിയായി സുലേഖ സോഫ്റ്റ്വെയറിൽ സർക്കാർ അനുവദിക്കുന്നതിൽ നിന്നും 20% അധികമായി അലോട്ട്മെന്റ് തുക 120% ത്തിനാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും എ.സി.ആർ ലെ കണക്കാണ് ആധികാരികമായി എടുക്കാൻ സാധിക്കുന്നതെന്നും അധീഷണൽ അലോട്ട്മെന്റ് ഉൾപ്പെടെ 108.49% ചെലവഴിച്ചെന്നുമാണ് അറിയിച്ചിട്ടുള്ളത്. സാങ്കേതിക പ്രശ്നം പരിഹരിച്ച് കൃത്യമായി ലഭ്യമാകുന്ന തുക തന്നെ രേഖപ്പെടുത്തി വരവ് ചെലവ് കണക്കുകൾ ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യണം എന്ന് നിർദ്ദേശിക്കുന്നു.

(ബി) പശ്ചാത്തല മേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്നതിന് 61 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 41 പദ്ധതികൾ മാത്രം നടപ്പാക്കി. 2021 നവംബർ 15 മുതലാണ് പ്രവൃത്തികൾ നടപ്പാക്കുന്നതിന് കരാർ വച്ച് തുടങ്ങിയതെന്നും 13 പ്രവൃത്തികളുടെ നടത്തിപ്പിനായി 2022 മാർച്ച് മാസത്തിലാണ് കരാറിൽ ഏർപ്പെട്ടതെന്നും മറുപടി നൽകി.

(സി) സുലേഖ ചെലവ് പത്രിക പ്രകാരം പദ്ധതി നിർവ്വഹണത്തിന് "മറ്റുള്ളവ" എന്ന തലക്കെട്ടിൽ 2,63,04,975/- രൂപ വകയിരുത്തിയെങ്കിലും 25,68,446/- രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ഗുണഭോക്തൃ വിഹിതം മാത്രമാണോ മറ്റ് വരവുകൾ ഉണ്ടോ എന്ന് വ്യക്തമാക്കേണ്ടതും ചെലവഴിക്കാതെ ഇത്രയും തുക വന്നതും വിശദീകരിക്കേണ്ടതാണ്.

2) വികസന സെമിനാർ

കോവിഡ് രോഗ വ്യാപനം അതിരൂക്ഷമായിരുന്നതിനാൽ 21-22 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാർ നടത്താൻ സാധിച്ചിരുന്നില്ല.

3) വർക്കിംഗ് ഗ്രൂപ്പ് - കോവിഡ് വ്യാപന സാഹചര്യത്തിൽ വിഷയമേഖലാടിസ്ഥാനത്തിൽ ഓൺലൈൻ യോഗങ്ങൾ വിളിച്ച് ചേർത്ത് നിർദേശങ്ങൾ സമാഹരിച്ച് പദ്ധതികൾ രൂപീകരിച്ചതായി മറുപടി ലഭ്യമാക്കി.

4) സ്റ്റാറ്റസ് റിപ്പോർട്ട്

21-22 ൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കാർഷിക ക്ഷീര മേഖലയിൽ പരിഹാരം കണ്ടെത്തേണ്ടതായ പ്രശ്നങ്ങളും നിർദേശിച്ചിട്ടുള്ള പരിഹാര മാർഗ്ഗങ്ങളും അവലംബിച്ച് ഫലവൃക്ഷത്തൈകൾ വച്ച് പിടിപ്പിച്ച് മണ്ണ് ജല സംരക്ഷണം ഉറപ്പാക്കുന്നതിനും കൃഷി വകുപ്പിന്റെ പദ്ധതികൾ പ്രകാരം പടുതാകുളം, കമ്പോസ്റ്റ് പിറ്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയതായും അറിയിച്ചിട്ടുണ്ട്. കൂടാതെ കർഷക കൂട്ടായ്മയുടെ സഹായത്തോടെ വയൽ നികത്തൽ തടയുന്നതിനും തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനും, വകുപ്പ് തല പദ്ധതികളിൽ കൂടി യന്ത്രവൽക്കരണത്തിനുള്ള സഹായം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുള്ളതായി അറിയിച്ചിരിക്കുന്നു.

5) പദ്ധതികളുടെ മോണിറ്ററിംഗ്, തുടർ പരിപാലനം എന്നിവ മെച്ചപ്പെടേണ്ടതുണ്ട്.

നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും തുടർ സംരക്ഷണവും കാര്യക്ഷമമാക്കുന്നതിന് സത്വര നടപടികൾ അനിവാര്യമാണ്. ഇവയുടെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കൈവരിക്കാതെയും ആയതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാകാതെയും പാഴ്ചെലവായി പരിണമിക്കുന്ന അവസ്ഥ നിലനിൽക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ മോണറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതികളുടെ തുടർ പരിപാലനത്തിന് സംവിധാനം ഒരുക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-5 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 72,31,700 | 137 |
| വിധവാ പെൻഷൻ | 2,53,15,300 | 1151 |
| വാർദ്ധക്യകാല പെൻഷൻ | 4,16,51,700 | 2329 |
| വികലാംഗ പെൻഷൻ | 56,11,900 | 209 |
| വിവാഹ ധനസഹായം | 3,00,000 | 10 |
| അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 13,22,500 | 41 |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-02-2023 തീയതിയിൽ 3.05 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12042/-(പന്തണ്ടായിരത്തി നാൽപത്തിരണ്ട്) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവുകൾ പ്രകാരം ജീവനക്കാർക്ക് ജോലിവിഭജനം നടത്തി ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. റിവ്യൂ മീറ്റിംഗുകൾ നടത്തി സേവന ലഭ്യത കാര്യക്ഷമമാക്കുന്നതിന്

ഭരണസമിതി നടപടികൾ സ്വീകരിക്കാവുന്നതാണ്.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021, 2022 വർഷങ്ങളിൽ പൌരാവകാശരേഖ പുതുക്കി പൊതുജനങ്ങൾക്ക് ഫ്രണ്ട് ഓഫീസ് മുഖേന വിതരണം ചെയ്തിട്ടുള്ളതായി ഓഡിറ്റ് അന്വേഷണത്തിന് (നം.9/23, തീയതി :07.02.2023) മറുപടി നൽകിയിട്ടുണ്ട്.

3) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖ നിർദേശങ്ങൾ പാലിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് വഴി വിവിധ ഫോറങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നു. ഫോറങ്ങളുടെ വിതരണ വിവരങ്ങൾ ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടുള്ളതുമാണ്.

4) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചതായ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ എല്ലാ മാസവും ISO യുടെ ഭാഗമായുള്ള ക്വാളിറ്റി സർക്കിൾ പ്രകാരം യോഗം കൂടുന്നതായും ഫ്രണ്ട് ഓഫീസ് പ്രവർത്തനം മോണിറ്റർ ചെയ്യുന്നതായും അറിയിച്ചിട്ടുണ്ട്.

5) ഫ്രണ്ട് ഓഫീസിൽ നിലവിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. താരതമ്യേന തിരക്ക് കുറവ് ആയതിനാൽ ടോക്കൺ സംവിധാനത്തിന്റെ ആവശ്യകത ഇല്ലാത്തതായി വിലയിരുത്തിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ടോക്കൺ സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം ഗ്രാമസഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്.

6) പഞ്ചായത്തിൽ ദുരന്ത പ്രതിരോധ, നിവാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് അതിവേഗ പ്രതികരണ ടീമുകൾ രൂപീകരിക്കുകയും ദുരന്ത നിവാരണ ആസൂത്രണ രേഖ പ്രസിദ്ധീകരിച്ചിട്ടുള്ളതുമായി അറിയിച്ചിട്ടുണ്ട്. ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് ബന്ധപ്പെട്ട മേഖലയിൽ പദ്ധതികൾ നടപ്പാക്കുന്നതിന് നിർദേശങ്ങൾ നൽകി വരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണനം.11/23, തീയതി : 08.02.2023).
7) തനതു വരുമാന ശേഖരണത്തിൽ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ കുറെക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി

MGNREGS ന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവ ക്യാഷ് ബുക്കിലെയും ബാങ്ക് സ്റ്റേറ്റ്മെന്റിലെയും തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ബുക്ക് പ്രകാരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 348,258.31 | 1300833 | 1652091.31 | 1649141 | 2950.31 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 347258 | 1221280 | 1568538 | 1648791 | 2950.31 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 62555791 | 62555791 | 62555791 | 0 |

MGNREGS ലെ വരവുചെലവുകൾ I (6), I-14 (C) എന്നിവ പൊരുത്തപ്പെടുന്നില്ല.

## 1-8-1 എൻ.ആർ.ഇ.ജി.എസ് പദ്ധതി - പ്രവർത്തനാവലോകനം

ഓഡിറ്റ് കാലയളവിൽ എൻ.ആർ.ഇ.ജി.എസ് പദ്ധതി മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.7/23,തീയതി :7.02.2023 മറുപടി പ്രകാരം)

| | |
|---|---|
| നടപ്പാക്കുന്നതിന് അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 2268 |
| അംഗീകാരം ലഭിച്ചതിൽ പൂർത്തിയാക്കിയ പദ്ധതികൾ | 281 |
| വിതരണം ചെയ്ത തൊഴിൽ കാർഡുകൾ | 33 |
| തൊഴിൽ ദിനങ്ങൾ | 174402 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2463 |
| 100തൊഴിൽ ദിനം പൂർത്തികരിച്ച കുടുംബങ്ങളുടെ എണ്ണം | 650 |
| തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരം തൊഴിൽ രഹിത വേതനം കൊടുത്ത | വേതനം |

| | |
|---|---|
| വിവരം | നൽകിയിട്ടില്ല |
| സ്ഥിര ആസ്തികളുടെ വിവരം(രൂപയിൽ) | 37.77 ലക്ഷം |
| സോഷ്യൽ ആഡിറ്റ് നടത്തിയ വിവരങ്ങൾ | ലഭ്യമാക്കിയിട്ടില്ല |

നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം.

| നം | പദ്ധതി വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം |
|---|---|---|
| 1 | മണ്ണ്,ജല സംരക്ഷണം | 183 |
| 2 | പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം. | 58 |
| 3 | വ്യക്തിഗത ആസ്തികൾ | 242 |
| 4 | മറ്റുള്ളവ | 11 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.04.2022 മുതൽ 13.4.2022 വരെ | 8/2021 മുതൽ 3/2022 വരെ | 3.5.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.3.2022 മുതൽ 31.3.2022 വരെ | 2019-20 സപ്ലിമെന്ററി ഓഡിറ്റ് | 3.5.2022 |

## 1-10 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണ്ണയവും- അപാകതകൾ

1. വ്യത്യസ്ത ഫയലുകൾ സൂക്ഷിക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത ഫയലുകളായാണ് പെർമ്മിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും.

2. മേഖലാടിസ്ഥാനത്തിലുള്ള മാപ്പ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മേഖല അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകി ഓഡിറ്റ് എൻക്വയറിക്ക് (19/10.02.2023) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒറ്റ ഫയലായി കൈകാര്യം ചെയ്യുന്നതാണെന്നും മേഖല അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .

## 1-10-1 തറ വിസ്തീർണ്ണം സഞ്ചയയിൽ കൃത്യമായി രേഖപ്പെടുത്താതെ നികുതി നിർണ്ണയിച്ചിരിക്കുന്നു

നികുതി നിർണ്ണയത്തിനായി ഹാജരാക്കിയിരിക്കുന്ന കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന തറ വിസ്തീർണ്ണം സഞ്ചയയിൽ കൃത്യമായി രേഖപ്പെടുത്താതെ നികുതി നിർണ്ണയിച്ചിരിക്കുന്നു.

| കെട്ടിട ഉടമസ്ഥന്റെ പേര് | കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന തറ വിസ്തീർണ്ണം | സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന തറ വിസ്തീർണ്ണം |
|---|---|---|
| ശ്രീക്കുട്ടി VIII/273 B | GF - 132.59m2 FF - 10.29m2 | 132.59m2 |

| | | |
|---|---|---|
| സബീല ബീവി ഷഫീക്ക് മൻസിൽ V/8 B | GF-63.21m2 FF - 6.93m2 | 63.21m2 |

ഇത് സംബന്ധിച്ച് നൽകി ഓഡിറ്റ് എൻക്വയറിക്ക് (19/10.02.2023) ടാക്സ് റിവിഷൻ നടത്തി അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .21-22 വർഷം നികുതി നിർണയത്തിനായി ഹാജരാക്കിയിരിക്കുന്ന എല്ലാ വാർഡുകളുടെയും ഫയലുകൾ പരിശോധിച്ച് കൃത്യമായ തറ വിസ്തീർണ്ണം സഞ്ചയയിൽ രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-10-2 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത

വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയർ (സഞ്ചയ) മുഖേന നികുതി നിർണയം പരിശോധിച്ചതിൽ താഴെപ്പറയുന്ന 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

| വാർഡ് | കെട്ടിട നമ്പർ | പേര് | ഫ്ലോർ ഏരിയ |
|---|---|---|---|
| 1 | 15 | ശൈലാമണി, ദിവ്യാഭവൻ, അത്തിമുക്ക്, കളമച്ചൽ | താഴത്തെ നില (68 ച മീ) |
| 1 | 42 | ജയപ്രകാശ്, ജെ.പി ഭവൻ, കളമച്ചൽ, കളമച്ചൽ | താഴത്തെ നില (63 ച മീ) |
| 1 | 80 | പുഷ്പോൽഭവൻ, മണലിപൊയ്ക വീട്, കളമച്ചൽ, | താഴത്തെ നില (68 ച മീ) |
| 1 | 256 | എസ്.കെ സിംഗ് , കട്ടയ്ക്കാലിൽ വീട്,മാമൂട്,കളമച്ചൽ | താഴത്തെ നില (149 ച മീ) |
| 2 | 257 | സത്യശീലൻ, കട്ടയ്ക്കാലിൽ വീട്, മാമൂട്, കളമച്ചൽ | താഴത്തെ നില (72 ച മീ) |
| 2 | 286 | ഗീത, തെങ്ങുവിള പുത്തൻ വീട്, മാമൂട്, കളമച്ചൽ | താഴത്തെ നില (72 ച മീ) |
| 2 | 401 | ജി.മോഹൻദാസ്, ആശാരിവിളാകം, ആനച്ചൽ, കളമച്ചൽ | താഴത്തെ നില (76 ച മീ) |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 31/13.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഫീൽഡ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-10-3 നികുതി ഇളവിന് അപേക്ഷ സമർപ്പിക്കാതെ വിമുക്ത ഭടന്മാരുടെ കെട്ടിടങ്ങൾക്ക് നികുതിയിളവ് നല്കിയിരിക്കുന്നു

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റവെയറിൽ IVാംവാർഡ് മാത്രം പരിശോധിച്ചതിൽ 2021-22 വർഷത്തെ നികുതി ഇളവിന് അപേക്ഷ സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | പേര്, വിലാസം |
|---|---|---|
| 1 | IV/39 | പി. രാധമ്മ,സുജിത് ഭവൻ,മാവേലി നഗർ,വാമനപുരം |
| 2 | IV/43 | മഞ്ജുള, അർച്ചന,വാമനപുരം,വാമനപുരം |
| 3 | IV/90 | ജെ. ബാലകൃഷ്ണൻ നായർ, ജയവിലാസം,മാവേലി നഗർ,വാമനപുരം |
| 4 | IV/198 | വിനോദ്. ബി. വി., ലാവണ്യ,വാമനപുരം, |
| 5 | IV/209A | സന്തോഷ് കുമാർ എസ്, ശ്രീലകം,വാമനപുരം |
| 6 | IV/227 | നാരായണൻ നായർ, ശ്രീ ഭവൻ,വാമനപുരം, |
| 7 | IV/276 | ഗിരിജാദേവി, പ്രണവം,വാമനപുരം |
| 8 | IV/386 | അനുപമ, മേക്കുംമുറി വെള്ളാരി വീട്,ശാസ്താംഭാഗം,വാമനപുരം |

| | | |
|---|---|---|
| 9 | IV/391, IV/392 | മധുസൂദനൻകെ.കെ., വീട്,ശാസ്താംഭാഗം,വാമനപുരം |
| 10 | IV/459 | ഇന്ദു, ഇന്ദീവരം,വാമനപുരം |

2. സഞ്ചയ സോഫ്റ്റവെയറിൽ IIIാംവാർഡ് മാത്രം പരിശോധിച്ചതിൽ വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ അനുവദിച്ചിരുന്ന ഇളവ് കാലാവധി അവസാനിച്ചതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങളുടെ നികുതി കാലാവധി കഴിഞ്ഞും ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | പേര്, വിലാസം | സഞ്ചയ പ്രകാരം ഇളവ് അവസാനിച്ചത് |
|---|---|---|---|
| 1 | 3/72 | രഞ്ജിത്. കെ. നായർ , പദ്മാലയം,കണിച്ചോട്,വാമനപുരം | 2018-19 രണ്ടാം അർദ്ധവർഷം വരെ |
| 2 | 3/147 | സുരേന്ദ്രൻനായർ, വിഷ്ണുലോകം,കണിച്ചോട്,കളമച്ചൽ | 2017-18 രണ്ടാം അർദ്ധവർഷം വരെ |
| 3 | 3/254 | അഭയകുമാർ, അഭയം,വാഴ്വേലിക്കോണം,കോട്ടുകുന്നം | 2018-19 രണ്ടാം അർദ്ധവർഷം വരെ |
| 4 | 3/317 | ഉണ്ണികൃഷ്ണൻ ,ചന്ദ്രപ്രഭ,മാവേലി നഗർ,വാമനപുരം | 2015-16 രണ്ടാം അർദ്ധവർഷം വരെ |
| 5 | 3/457 | മുരളീധരൻ നായർ ,മുരളീഗീതം,വലിയകണിച്ചോട്,കളമച്ചൽ | 2013-14രണ്ടാം അർദ്ധവർഷം വരെ |
| 6 | 3/323A | വിജയകുമാരി അമ്മ.എ, ജീജീ ഭവൻ,കളമച്ചൽ, | 2017-18 രണ്ടാം അർദ്ധവർഷം വരെ |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 31/13.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഫീൽഡ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-10-4 നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു

സഞ്ചയ സോഫ്റ്റ് വെയറിൽ 14, 15 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട് (ഡിമാന്റ് തുക 0). വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ) | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 15/205 | ഷൈലജ, മുട്ടോട്ടുകോണത്തു വീട്, കളമച്ചൽ, | പാർപ്പിടാവശ്യം | 62 | 1305 |
| 2 | 15/103 | ബേബി.എസ്, പേഴംകാമുകൾ ചരുവിള വീട്, കളമച്ചൽ, | പാർപ്പിടാവശ്യം | 69 | 726 |
| 3 | 14/4 | ഉഷ, അശ്വതി വിലാസം, പൂപ്പറം, ആനാകുടി | പാർപ്പിടാവശ്യം | 80 | 756 |

സഞ്ചയയിൽ മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. മേൽ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നടത്താത്തതിനും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതിനും കാരണം വ്യക്തമാക്കേണ്ടതാണ്. സഞ്ചയയിൽ മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഡിമാന്റില്ലാതെ പിരിവ് നടത്തുമ്പോൾ തനതു വരുമാന ശോഷണത്തിനും കൃത്യതയില്ലായ്മക്കും കാരണമാകും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31 തീയതി. 13.02.2023) മറുപടി ലഭ്യമാക്കിയില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും

## ലൈസൻസ് നൽകൽ -അപാകതകൾ

1) 2020-21 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളെ മുഴുവൻ 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് നൽകിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം | 2020-21 വർഷം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം | 2021-22 വർഷം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | 7 | 5 |
| 2 | 9 | 6 |
| 3 | 12 | 9 |
| 4 | 119 | 72 |
| 5 | 9 | 3 |
| 6 | 6 | 4 |
| 8 | 39 | 19 |
| 11 | 1 | 0 |
| 12 | 3 | 1 |
| 13 | 8 | 7 |
| 14 | 8 | 4 |
| 15 | 12 | 5 |

2) 1, 2 എന്നീ വാർഡുകളിലെ വിവരങ്ങൾ മാത്രം പരിശോധിച്ചതിൽ 2020-21 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 1/37A | ജയകുമാർ | അഖിൽ ഫ്ലവർ മിൽ |
| 2 | 1/233A | പുഷ്പരാജൻ | സ്റ്റോർ |
| 3 | 1/126 | ബിനു.ജെ | ജ്യോതി സ്റ്റോർ ബേക്കറി |
| 4 | 2/366B | ജലജ | മഹിത സ്റ്റോർ |
| 5 | 2/456 | വിജയരാജൻ | പി.വി സ്റ്റോർ |
| 6 | 2/151 | സജീർ | അൽ അമീൻ ബാർബർ ഷോപ്പ് |
| 7 | 2/58 | മോളി | എം എസ് സ്റ്റോർ ആൻഡ് ഫാസ്റ്റ് ഫുഡ് |
| 8 | 2/214B | ജയകുമാർ | ബി എസ് പൗൾട്രി ഫാം |

3) അപേക്ഷകൾ പൂർണമല്ല .

2017-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉല്പാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ കൃത്യമായി അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

4) ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം (ലൈസൻസ് അപേക്ഷ അനുവദിച്ചതായോ/ നിരസിച്ചതായോ) രേഖപ്പെടുത്തുകയോ ഒപ്പുവയ്ക്കുകയോ ചെയ്യാതെ ലൈസൻസ് നൽകിയിരിക്കുന്ന ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമനമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|
| 12 | അബ്ദുൽ റഹീം | മത്സ്യം വ്യാപാരം |
| 14 | രാജു | റബർ വ്യാപാരം |
| 15 | രഞ്ചു രാഘവൻ രഘുനാഥ് | രോഹിണി ഫ്യുവൽസ് |

| | | |
|---|---|---|
| 16 | അനിൽ.എസ് | ദേവു സ്റ്റോർ |
| 17 | ദേവദാസൻ | മഹാദേവ ഹാർഡ്‌വെയർ |
| 18 | ഉണ്ണി,എസ്സ് | ഉപാസ് സലൂൺ |
| 19 | അബ്ദുൽ റഷീദ് | ചരുവിളയിൽ ഹോളോബ്രിക്സ് |
| 20 | അബ്ദുൽ റഷീദ് | ചരുവിളയിൽ ഫ്ലവർ ആൻഡ് ഓയിൽ മിൽ |

5) 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ പുരയിടത്തിൽ സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ പരമാവധി തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ പറയുന്ന അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിക്ക് ആനുപാതികമായി മെഷീൻ ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | വ്യാപാരസ്ഥാപനം | യന്ത്രങ്ങളുടെ കുതിരശക്തി |
|---|---|---|
| 1 | രോഹിണി ഫ്യൂവൽസ് | 3/4 HP*2 |
| 2 | കുറ്റൂർ ഫ്യൂവൽസ് & ലൂബ്രിക്കന്റ്സ് | 25KV/A |
| 3 | കാർത്തിക ഫ്ലവർ മിൽ | 10HP |

6) യന്ത്രങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ, ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തി അപേക്ഷകളിലോ അന്വേഷണ റിപ്പോർട്ടിലോ രേഖപ്പെടുത്തുന്നില്ല.

ഉദാഹരണം: ശ്രീ ശാസ്താ വർക്ക്ഷോപ്പ്

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/07.02.2023) ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ നിലവിലുണ്ടായിരുന്ന പരിമിതമായ കച്ചവട സ്ഥാപനങ്ങളിൽ പലതും കോവിഡ് 19 വ്യാപനം മൂലം പ്രവർത്തിക്കുന്നില്ലായെന്നും ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതൊന്നും അറിയിച്ചിരിക്കുന്നു. സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാത്തതിനാലാണ് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകാതിരുന്നതെന്നും ലൈസൻസ് അപേക്ഷകൾ മതിയായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്നും ഒപ്പ് രേഖപ്പെടുത്തി പരിഹരിച്ചിട്ടുണ്ടെന്നും മെഷീൻ ഫീസ് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ശ്രീശാസ്താ വർക്ഷോപ്പിൽ 5HP യിൽ താഴെയുള്ള മോട്ടോർ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂവെന്നും വരും വർഷങ്ങളിൽ അപേക്ഷകൾ പരിശോധന നടത്തി HP കൃത്യമായി രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-11-1 വളർത്തു നായകളുടെ ലൈസൻസ് - നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1486 വളർത്തുനായകൾ ഉണ്ട്. 12 വളർത്തു നായകൾക്ക് മാത്രമാണ് 2021-22 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത് . വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (28/18.01.2023) 2022-23 കാലയളവിൽ വാക്സിനേഷൻ ക്യാമ്പുകൾ നടത്തി ലൈസൻസ് അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ കാലികമാക്കേണ്ടതും വളർത്ത് നായകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്.

## 1-11-2 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 3/07.02.2023) ലൈസൻസ് റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ്

നൽകുന്നതിനുള്ള നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11-3 പാർപ്പിടം' ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ അപേക്ഷകൾ പരിശോധിച്ചതിൽ 'പാർപ്പിടം' ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ഉപയോഗ ക്രമം | ലൈസൻസ് അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യകത |
|---|---|---|---|---|---|
| 1 | 9/350 | അബ്ദുൽ ഹമീദ് | പാർപ്പിടം | അശോകൻ | വാണിജ്യാവശ്യം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/07.02.2023) അപാകതകൾ ഉണ്ടാകാതെ പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകുമ്പോൾ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചുറപ്പുവരുത്തേണ്ടതാണ്.

## 1-12 ലേലം - തുടർനടപടികൾ സ്വീകരിക്കുന്നതിലെ അനാസ്ഥ

1. പഞ്ചായത്ത് ഭരണസമിതിയുടെ 07.07.2021 ലെ 7(24) നമ്പർ തീരുമാനപ്രകാരം ളുങ്ങയിൽ വാർഡിലെ ഇരുളൂർ അംഗൻവാടിയുടെ സമീപത്ത് അപകടാവസ്ഥയിൽ നിൽക്കുന്ന മഹാഗണി മരം മുറിച്ച് മാറ്റാനായി തീരുമാനിച്ചിരിക്കുന്നു. എന്നാൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/10.02.2023)മഹാഗണി മരം മുറിച്ച് മാറ്റുന്നതിന് വാല്യുവേഷൻ ലഭ്യമാക്കുന്നതിന് 14.07.2021 ന് സോഷ്യൽ ഫോറസ്ട്രി അധികൃതർക്ക് അപേക്ഷ നൽകിയെങ്കിലും നാളിതുവരെയായി സ്ഥല പരിശോധന നടത്തുകയോ വാല്യുവേഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ലായെന്നും ആയതിനാൽ ടി മരം നാളിതുവരെയായി മുറിച്ച് മാറ്റുകയോ ലേലം ചെയ്യുകയോ ചെയ്തിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു. അംഗനവാടിയുടെ സമീപത്ത് അപകടാവസ്ഥയിൽ നിൽക്കുന്ന മരം മുറിച്ച് മാറ്റാൻ വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്

2. പഞ്ചായത്ത് ഭരണസമിതിയുടെ 20.11.21 ലെ 13(3) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിലെ 23 അംഗൻവാടികൾക്കും പുതിയ ഗ്യാസ് സ്റ്റൗ ലഭ്യമായതിനാൽ പഴയ ഗ്യാസ് സ്റ്റൗ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു. എന്നാൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/10.02.2023) പഴയ ഗ്യാസ് സ്റ്റൗ ലേലം ചെയ്യുന്നതിനായി വാല്യുവേഷൻ ലഭ്യമാക്കുന്നതിന് എൽ എസ് ജി ഡി അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ഉപയോഗശൂന്യമാണെന്ന് സാക്ഷ്യപത്രം ഉണ്ടെങ്കിൽ മാത്രമേ വാല്യുവേഷൻ ലഭ്യമാക്കുകയുള്ളൂ എന്ന് അറിയിച്ചിരുന്നു. ഗ്യാസ് സ്റ്റൗ ഉപയോഗശൂന്യമാണെന്ന് സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ഐസിഡിഎസ് സൂപ്പർവൈസർക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും ആയതു ലഭ്യമാക്കാത്തതിനാലാണ് തുടർനടപടികൾ സ്വീകരിക്കാത്തതെന്നും അറിയിച്ചിരിക്കുന്നു. നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്. നടപടിക്രമങ്ങളിൽ വേഗത കൂട്ടുന്നതിന് ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 നിശ്ചിത മാതൃകയിൽ തൊഴിൽ നികുതി പത്രിക സമർപ്പിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14,16 പ്രകാരം ഫാറം നമ്പർ II മാതൃകയിൽ വേണം സ്ഥാപനങ്ങൾ തൊഴിൽ നികുതി പത്രികകൾ സമർപ്പിക്കേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം കൃത്യമായി രേഖപ്പെടുത്താതെ നികുതി ഒടുക്കിയിരിക്കുന്നു

I) Relax Dental Care

Ii) MGNREGS

Iii)CDS Accountant

Iv) Gramapanchayat, Vamanapuram

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/7.2.22) വരും വർഷങ്ങളിൽ നിശ്ചിത മാതൃകയിൽ തൊഴിൽ നികുതി പത്രിക വാങ്ങി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-13-1 തൊഴിൽ നികുതി കുറവായി ഈടാക്കുന്നു.

1)ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം ഈടാക്കിയ തൊഴിൽ നികുതി നിർദ്ദിഷ്ട നിരക്കുകളേക്കാൾ കുറവാണെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | സ്ഥാപനം/ഓഫീസ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് | അർദ്ധ വർഷം |
|---|---|---|---|---|---|---|
| നജ്മ പി.ടി.എസ്സ് | കൃഷിഭവൻ | 111922 | 750 | 1000 | 250 | Ist Half |
| സന്തോഷ് പി എസ് പി ടി സി എഫ് | ഗവൺമെൻറ് എൽപിഎസ് കാഞ്ഞിരംപാറ | 116778 | 750 | 1000 | 250 | 1st Half |
| നജ്മ പി.ടി.എസ്സ് | കൃഷിഭവൻ | 108628 | 750 | 1000 | 250 | IInd Half |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/7.2.2023) ശ്രീമതി. നജ്മ ,പി.ടി.എസ്സ് 500/- രൂപ 08.02.2023 ലെ 1220103726/23 പ്രകാരം അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.കാഞ്ഞിരംപാറ ഗവൺമെൻറ് എൽപിഎസിലെ സന്തോഷ് പി എസ്,

പി ടി സി എഫ് - ന് കത്തും ഡിമാന്റ് നോട്ടീസും നല്കിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

2)അർദ്ധവാർഷിക വരുമാനം കണക്കാക്കുമ്പോൾ ഫെസ്റ്റിവൽ അലവൻസ് ഉൾപ്പെടുത്താത്തത് കാരണം തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു

| ജീവനക്കാരന്റെ പേര് | സ്ഥാപനം/ഓഫീസ് | അർദ്ധ വാർഷിക വരുമാനം (ഹാജരാക്കിയ സ്റ്റേറ്റ്മെൻറ് പ്രകാരം ) | ഈടാക്കിയ നികുതി | അർദ്ധ വാർഷിക വരുമാനം ഫെസ്റ്റിവൽ അലവൻസായ 2750 രൂപ ഉൾപ്പെടെ | ഈടാക്കേണ്ട നികുതി | അർദ്ധ വർഷം |
|---|---|---|---|---|---|---|
| പൂജ എം ചന്ദ്രൻ | വി എച്ച് എസ് സ്കൂൾ, മുളമന | 73830 | 600 | 76580 | 750 | Ist Half |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/7.2.2023) മുളമന വി എച്ച് എസ് സ്കൂൾ പ്രിൻസിപ്പാളിന് കത്ത് നല്കിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13-2 സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | പൂവത്തൂർ ക്ഷീരോൽപാദക സഹകരണ സംഘം |
| 2 | വാമനപുരം ക്ഷീര വ്യവസായ സഹകരണ സംഘം |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/7.2.2023) കത്തും ഡിമാന്റ് നോട്ടീസും നല്കിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

## 1-13-3 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/7.2.2023) കത്തും ഡിമാന്റ് നോട്ടീസും നല്കിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

## 1-13-4 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം

വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തിൽ 2021-22 വർഷം മരാമത്ത് പ്രവർത്തികള് ഏറ്റെടുത്ത് കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/7.2.2023) ശ്രീ.വിജയൻ ആശാരി 9.2.2023 ന് 1220103753 പ്രകാരം തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. 60 ദിവസത്തിൽ കൂടുതൽ പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്തിട്ടുള്ള എല്ലാ കരാറുകാരിൽ നിന്നും മറ്റ് തദ്ദേശ സ്ഥാപനത്തിൽ നികുതി അടച്ചിട്ടില്ലാ എങ്കിൽ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 ആസ്തിപരിപാലനം - തുടർ നടപടികൾ അനിവാര്യം

ഭരണസമിതിയുടെ തീരുമാനങ്ങളിൽ പഞ്ചായത്ത് വക പുറമ്പോക്ക് ഭൂമി ഏറ്റെടുക്കുന്നതിന് നോട്ടീസ് നൽകിയത് സംബന്ധിച്ചും (1.06.2021 ലെ തീരുമാനം 5(1), പഞ്ചായത്തിന് സൌജന്യമായി ലഭിച്ച ഭൂമി രജിസ്റ്റർ ചെയ്ത് പഞ്ചായത്തിന്റെ ആസ്തിയാക്കുന്നതിനും (16.06.2021 ലെ തീരുമാനം 2(1),തീരുമാനം ഉണ്ടായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് 2020-21 വരെ നിർമ്മിച്ചതും, 2021-22 ൽ ആർജ്ജിച്ചതുമായ മുഴവൻ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതു പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും . ആസ്തി വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും (ഓഡിറ്റ് അന്വേഷണനം.6/23, തീയതി :07.02.2023) ആവശ്യപ്പെട്ടിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനായി റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാൻ ഓൺലൈൻ പ്ലാറ്റഫോമായ ആർ ട്രാക്ക് വഴി ഫേയ്സ് ഒന്നിൽ 2020-21 വർഷം എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം വിവര ശേഖരണം നടത്തിയിട്ടുണ്ട്. ആയതിന്റെ വെരിഫിക്കേഷന് വേണ്ടി സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി പദ്ധതി രൂപീകരിച്ചതായും കണക്ടിവിറ്റി പ്ലാൻ, റോഡ് ലിസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. രണ്ടാം ഘട്ട വെരിഫിക്കേഷൻ കഴിഞ്ഞെങ്കിൽ മാത്രമേ കുറ്റമറ്റതും ആധികാരികവുമായ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ എന്നും ശേഷം മൂന്നാം ഘട്ടമായി അപ്രൂവൽ നൽകുന്നതുമാണെന്ന് മറുപടിയിൽ വ്യക്തമാക്കി. നിലവിൽ ആർ ട്രാക്കുമായി ബന്ധപ്പെട്ട് നടത്തുന്ന നടപടികൾക്ക് ശേഷം ജി പി എസ് കോർഡിനേറ്റർ അടിസ്ഥാനമാക്കിയ കണക്ടിവിറ്റി പ്ലാൻ തുടങ്ങി പഞ്ചായത്തിന്റെ എല്ലാ നോൺ മൂവബിൾ ആസ്തികളെയും സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി.അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടങ്കിൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മേൽ വസ്തുതകൾ പരിശോധിച്ച് പഞ്ചായത്തിന്റെ മുഴവൻ ആസ്തികളും ഡിജിറ്റലൈസ് ചെയ്യുന്നതിനും അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ആസ്തിസംരക്ഷണം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 ബയോഗ്യാസ് പ്ലാന്റ് - തുടർ പരിപാലനത്തിന്റെയും മോണിറ്ററിംഗിന്റെയും അഭാവത്തിൽ പ്രവർത്തനരഹിതമായി

പഞ്ചായത്തിന്റെ പബ്ലിക് മാർക്കറ്റിൽ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സർക്കാർ അംഗീകൃത സ്ഥാപനം 25.09.2020 ൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയിരുന്നു. 2018-19 ലെ പ്രോജക്ട് പ്രകാരം 625000/- രൂപ ചെലവഴിച്ച് പ്രതിദിനം 200kg മാലിന്യ സംസ്കരണ ശേഷിയുള്ള ഫിക്സഡ് ഡോം ടൈപ്പ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു. എന്നാൽ പ്രസ്തുത പ്ലാന്റ് ഒരു വർഷത്തിനുള്ളിൽ പ്രവർത്തനരഹിതമായി. ആയത് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിന് 6.5.2021 മുതൽ നിരവധി തവണ SEUF നോട് അഭ്യർത്ഥിച്ചിട്ടും അറ്റകുറ്റപണി നടത്തിയിട്ടില്ല എന്ന് കാണിച്ച് ജില്ലാ കളക്ടർക്കും ശുചിത്വ മിഷൻ അധികാരികൾക്കും ഭരണസമിതിയുടെ നിർദേശാനുസരണം കത്ത് നൽകിയിട്ടുണ്ട്.

ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ SEUF ശുചിത്വ മിഷന് നൽകിയ മറുപടിയിൽ 2020 സെപ്റ്റംബറിൽ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കി ട്രയൽ റൺ നടത്തി പഞ്ചായത്തിന് കൈമാറിയതായും എന്നാൽ തുറസ്സായ സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന പ്ലാന്റ് തുടർ പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും അഭാവത്തിൽ പ്രവർത്തനരഹിതമായി എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. മാർക്കറ്റ് നവീകരണ

പ്രവർത്തനങ്ങൾ നടത്തിയ അവസരത്തിൽ ജെ സി ബി തട്ടി കേടാവുകയും തുടർന്ന് മാർക്കറ്റിൽ വരുന്ന പൊതുജനങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിനാലും പ്രവർത്തനരഹിതമായതായാണ് അറിയിച്ചിരിക്കുന്നത്.

പദ്ധതി നിർവ്വഹണത്തിനായി സ്ഥാപനവുമായി ഏർപ്പെട്ട കരാറിൽ പ്ലാന്റിന്റെ അറ്റകുറ്റ പണികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ചോ കാലയളവ് സംബന്ധിച്ചോ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നില്ല. പ്ലാന്റ് സ്ഥാപിച്ച് ഒരു വർഷത്തിനുള്ളിൽ തന്നെ പ്രവർത്തനരഹിതമാവുകയും നാളിതുവരെ പ്രവർത്തനക്ഷമമാക്കാൻ സാധിക്കാതിരുന്നതും ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക പാഴ്ചെലവായി പരിണമിച്ചിരിക്കുന്നു. നിലവിൽ പ്ലാന്റിന്റെ അറ്റകുറ്റപണികൾക്കായി SEUF 140900/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളതും ആയതിന്റെ സാങ്കേതികാനുമതിയ്ക്കും ഫണ്ട് അലോട്ട് ചെയ്യുന്നതിനുമായി ശുചിത്വ മിഷന് കത്ത് നൽകിയിട്ടുള്ളതുമാണ്. കൂടാതെ മാർക്കറ്റിനുള്ളിൽ മറ്റൊരു പ്ലാന്റും പ്രവർത്തനരഹിതമായിരിക്കുന്നതായും ആയതിന്റെ അറ്റകുറ്റ പണികൾക്കായുള്ള എസ്റ്റിമേറ്റും അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു.

തുടർ പരിപാലന സംവിധാനത്തിന്റെ അഭാവത്താലാണ് മാലിന്യസംസ്കരണത്തിന് പ്ലാന്റ് ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമായിട്ടുള്ളത്. ഭരണസമിതി ഈ വിഷയം ഗൗരവമായി പരിഗണിച്ച് മോണിറ്ററിംഗിനും തുടർ പരിപാലനത്തിനും സംവിധാനം ഒരുക്കി മാലിന്യസംസ്കരണ പ്രക്രിയ സുഗമമാക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 കാർഷിക കർമ്മസേനയ്ക്ക് കൊയ്ത്ത് യന്ത്രം നല്കൽ - മാർഗ്ഗരേഖ പാലിക്കുന്നില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കാർഷിക കർമ്മസേനയ്ക്ക് കൊയ്ത്ത് യന്ത്രം |
| പദ്ധതി നമ്പർ | 3/21-22 |
| പദ്ധതി അടങ്കൽ | 1,99,656/- (വികസന ഫണ്ട്)<br>25,000/- (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 1,99,656/- (വികസന ഫണ്ട്)<br>22,196/- (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.
സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീയതി.14.02.18 സബ്സിഡി മാർഗ്ഗരേഖ ഖ. 6.1 ക്രമ നം.8 പ്രകാരം,

1) കൃഷിഭവന്റെ നേതൃത്വ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മ സേനകൾ/ രജിസ്റ്റർ ചെയ്ത പാടശേഖരസമിതി എന്നിവയ്ക്കാണ് കൊയ്ത്ത് യന്ത്രം നൽകേണ്ടത്. എന്നാൽ കൊയ്ത്ത് യന്ത്രങ്ങൾ നല്കിയ വാമനപുരം കാർഷിക കർമ്മ സേന, പന്തുവിള നെല്ല് ഉത്പാദക പാടശേഖരസമിതി എന്നിവ രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൃഷി ഭവൻ ഉൾപ്പെടെയുള്ള സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങേണ്ടത്. കൃഷി ഓഫീസർ നൽകിയ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

3) യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കു എന്നും സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നുമുള്ള കരാർ വ്യവസ്ഥയിൽ വേണം യന്ത്രങ്ങൾ കൈമാറേണ്ടത്. ഇപ്രകാരം കരാർ വെച്ചതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/10.02.2023) വാമനപുരം കാർഷിക കർമ്മ സേന, പന്തുവിള നെല്ല് ഉത്പാദക പാടശേഖരസമിതി എന്നിവ രജിസ്റ്റർ ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കി. വാമനപുരം ബ്ലോക്കിൽ ഏറ്റവും കൂടുതൽ നെൽപ്പാടങ്ങൾങ്ങൾ ഉള്ളത് വാമനപുരം ഗ്രാമപഞ്ചായത്തിലായതിനാലും കാർഷിക മേഖല ഏറ്റവും കൂടുതൽ അഭിമുഖീകരിക്കുന്ന തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് ഗ്രാമസഭകളിൽനിന്ന് പൊതുവായ താല്പര്യ പ്രകാരമാണ് റീപ്പർ വാങ്ങാൻ തീരുമാനിച്ചതെന്നും റീപ്പറുകൾ ശരിയായി സംരക്ഷിക്കുമെന്നും കാർഷിക ആവശ്യങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുമെന്നുള്ള കരാർ വ്യവസ്ഥയിലാണ് കൈമാറിയിരിക്കുന്നതെന്നും മറുപടി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന് ആധികാരികമായ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. കൃത്യമായ കരാർ തയ്യാറാക്കി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ കൃഷി ഓഫീസർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-17 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - പദ്ധതി നിർവഹണം പൂർത്തിയാക്കിയത് ഉറപ്പു വരുത്തിയിട്ടില്ല.

2021-22 സാമ്പത്തിക വർഷം കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി നാലു പ്രോജക്ടുകൾ മുഖാന്തിരം വാട്ടർ അതോറിറ്റിയ്ക്ക് 53,91,967/- രൂപ നൽകിയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് | ഫണ്ടിനം | തുക നൽകിയ തീയതി |
|---|---|---|---|---|
| 178/22 | 5,26,600/- | 5,26,600/- | സി.എഫ്.സി ഗ്രാന്റ് | 29/03/2022 |
| 176/22 | 17,60,087/- | 17,60,087/- | സി.എഫ്.സി ഗ്രാന്റ് | 05/01/2022 |
| 94/22 | 25,00,000/- | 25,00,000/- | സി.എഫ്.സി ഗ്രാന്റ് | 12/01/22 &29/03/22 |
| 188/22 | 6,05,280/- | 6,05,280/- | സി.എഫ്.സി ഗ്രാന്റ്- 476,000/- ഡവലപ്മെന്റ് ഫണ്ട് (ജനറൽ) 129,280/- | 08/02/2022 & 05/02/2022 |
| ആകെ | | 53,91,967/- | | |

പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട സ്ഥലങ്ങളുടെ ലിസ്റ്റ് 07/07/2021 ലെ ഭരണസമിതി തീരുമാനം നമ്പർ 2(4) പ്രകാരം അംഗീകരിച്ചത് വാട്ടർ അതോറിറ്റിക്ക് നൽകിയിരുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാട്ടർ അതോറിറ്റി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയില്ല. ഭരണസമിതി അംഗീകരിച്ച നൽകിയ ലിസ്റ്റിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റിയോട് പല തവണ കത്തു മുഖാന്തിരം ആവശ്യപ്പെട്ടുവെങ്കിലും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയില്ല. പിന്നീട് പ്രോജക്ടിൽ വകയിരുത്തിയ തുകയ്ക്ക് ആനുപാതികമായ ഒരു എസ്റ്റിമേറ്റാണ് (Abstract) തയ്യാറാക്കി നൽകിയിരിക്കുന്നത്.

2) പ്രോജക്ട് അംഗീകരിക്കുന്നതിനു മുൻപ് വിശദമായ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ തയ്യാറാക്കണമെന്ന് പ്രോജക്ട് രൂപീകരണഫോറത്തിൽ ഖണ്ഡിക 39 ൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ അവ തയ്യാറാക്കിയിട്ടില്ല.

3) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21/02/2019 ലെ ഡി.എ.1/17/2019 നമ്പർ സർക്കുലർ, 9/03/2022 ലെ ഡി.എ1/64/2022 നമ്പർ സർക്കുലർ എന്നിവ പ്രകാരം ഡെപ്പോസിറ്റ് വർക്കിനു തുക നൽകുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു. വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ തുക ഡെപ്പോസിറ്റ് ചെയ്യാവൂ. തുക ഡെപ്പോസിറ്റ് ചെയ്യുന്ന അവസരത്തിൽ തന്നെ മാനദണ്ഡ പ്രകാരമുള്ള കരാറിൽ ഏർപ്പെടണം. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഈ പ്രവൃത്തികളുടെ നിർവഹണം പ്രത്യേകമായി അവലോകനം ചെയ്യണം. ഈ മാനദണ്ഡങ്ങളൊന്നും പാലിച്ചിട്ടില്ലായെന്നാണ് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്.

4) മേൽ പ്രവൃത്തി നിർവഹിക്കുന്നതിന് തുക പൂർണമായും വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ ശേഷം നിയമാനുസൃതമായ കരാറിലേർപ്പെട്ട് പ്രവൃത്തി നിർവഹിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് പലതവണ ആവശ്യപ്പെട്ടെങ്കിലും 11/11/2022 വരെയും കരാറിലേർപ്പെട്ടിട്ടില്ല. 24/11/22 ൽ പ്രവൃത്തി പൂർത്തിയാക്കിയതായി കാണിച്ച് 22,85,160/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയും ബാക്കി തുക ചെക്ക് മുഖാന്തിരം (ചെക്ക് നമ്പർ 068265: തീയതി: 28/11/2022) തിരികെ നൽകുകയും ചെയ്തിരിക്കുന്നു. നിർവഹിച്ച പ്രവൃത്തി ഏതൊക്കെയാണെന്ന് വാട്ടർ അതോറിറ്റി പ്രസ്താവിച്ചിട്ടില്ല. ആയതിന്റെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തി പഞ്ചായത്തു പരിധിയിൽ നിർവഹിച്ചതായി ഭരണസമിതിയോ, വർക്കിംഗ് ഗ്രൂപ്പുകളോ അവലോകനം ചെയ്തിട്ടില്ല. വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യ പത്രത്തിലും ഏതൊക്കെ പ്രവൃത്തികളാണ് നിർവഹിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല. യഥാർത്ഥത്തിൽ പ്രവൃത്തി നിർവഹിച്ചിരുന്നോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല. വിശദമായ എസ്റ്റിമേറ്റോ സൈറ്റ് സംബന്ധിച്ച വിവരങ്ങളോ ലഭ്യമാക്കാതെ പ്രവൃത്തി നിർവഹിച്ചതായി ഉറപ്പുവരുത്താൻ സാധിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ പ്രകാരമുള്ള നിർദ്ദേശ പ്രകാരം നിശ്ചിത മാതൃകയിൽ കരട് തയ്യാറാക്കി കേരള വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചിരുന്നു. പല തവണ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും കൃത്യ സമയത്ത് കരാറിലേർപ്പെട്ടില്ലായെന്നും വിശദമായ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടെങ്കിലും വാട്ടർ അതോറിറ്റി നൽകിയില്ലായെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി (ഓഡിറ്റ് എൻക്വയറി നമ്പർ 20; തീയതി : 10/02/2022).

വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷം മാത്രം ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക ഒടുക്കു വരുത്തുന്നതിനും നിയമാനുസൃതമായ കരാറിലേർപ്പെടുന്നതിനും, പ്രവൃത്തി നിർവഹിച്ചതു സംബന്ധിച്ച് അവലോകനം നടത്തുന്നതിനും

ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തി നിർവഹണം വിലയിരുത്താത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. നിർവഹണ ഏജൻസികൾ പ്രവൃത്തി നിർവഹണത്തിനാവശ്യമായ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിലും പ്രവൃത്തി നിർവഹിക്കുന്നതിലും അലംഭാവം കാണിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. തിരികെ ലഭ്യമായ തുക പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ 13/12/22 ൽ വരവു വന്നിട്ടുണ്ട്. സി.എഫ്.സി ഗ്രാന്റിനത്തിലെ തുകയാണ് ഡെപ്പോസിറ്റ് വർക്കിനത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയത്. ആയതിനാൽ തിരികെ ലഭ്യമായ തുക സി.എഫ്.സി ഗ്രാന്റ് അക്കൗണ്ടിൽ മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

## 1-18 ആനാകുടി കുടുംബാരോഗ്യ കേന്ദ്രത്തിലെ കുഴൽകിണർ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ 96/22

അടങ്കൽ - 75,000/- (സി.എഫ്.സി ഗ്രാന്റ് )

ചെലവ് - 72,099/- (Pfms – R112101243578 തീയതി : 16/11/2021)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ആനാകുടി കുടുംബാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്ന മുളകമനകുന്നു ഭാഗം രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശമാണെന്നും ആയതിനാൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ കുഴൽകിണർ നിർമ്മിക്കണമെന്നും 22/09/2020 ലെ ഭരണസമിതി തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുഴൽകിണർ നിർമ്മിക്കുന്നതിനായി മേൽ സൂചിപ്പിച്ചിരിക്കുന്നതു പ്രകാരം 72,099/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനു നൽകുകയും കുഴൽ കിണർ നിർമ്മിക്കുകയും ചെയ്തു. കുഴൽ കിണർ നിർമ്മാണം പൂർത്തിയായതായി വിനിയോഗസാക്ഷ്യപത്രം 06/06/2022 ൽ ലഭിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിൽ 66929/- രൂപയാണ് ചെലവു രേഖപ്പെടുത്തിയിരിക്കുന്നത്. ബാക്കി തുകയായ 5170/- രൂപ പഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ 22/07/2022 ൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

കുഴൽകിണർ നിർമാണം പൂർത്തിയായെങ്കിലും നാളിതു വരെ പ്രവർത്തനക്ഷമമായിട്ടില്ല. പമ്പ് സെറ്റ്, വാട്ടർടാങ്ക് മുതലായവ സ്ഥാപിക്കാത്തതിനാൽ നാളിതുവരെ കുഴൽകിണർ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. സി.എഫ്.സി ഗ്രാന്റിനത്തിൽ ഇത്തരം പ്രവൃത്തികൾക്ക് ചെലവഴിക്കാൻ തുക നീക്കിയിരിപ്പ് ഉണ്ടായിരുന്നുവെങ്കിലും കുഴൽകിണർ പ്രവർത്തനക്ഷമമാക്കാത്തത് ശരിയായ നടപടിയല്ല. കുഴൽ കിണർ പ്രവർത്തനക്ഷമമാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25 തീയതി : 10/02/22) 2023-24 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതി അംഗീകാരം നേടി നടപ്പിലാക്കുന്നതാണെന്ന് മറുപടി നൽകി. 2021-22 ലെ പ്രോജക്ട് പ്രകാരം കുഴൽകിണർ നിർമ്മിച്ചിട്ടും 2022-23 ലും അനുബന്ധ സൗകര്യങ്ങൾ തയ്യാറാക്കാതെ പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തത് നിരുത്തരവാദപരമാണ് എന്ന് വിലയിരുത്തുന്നു. ഒരു പദ്ധതി നടപ്പിലാക്കുന്നതിനായി തുക വകയിരുത്തുമ്പോൾ പദ്ധതി പൂർണമായും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള തുക വകയിരുത്താത്തത് സർക്കാർ മാർഗരേഖയ്ക്കു വിരുദ്ധവും പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം പൂർത്തിയാക്കുന്നതിനു വിഘാതവുമാണ്. കുഴൽകിണർ നിർമാണമെന്ന പ്രവൃത്തി നടപ്പിലാക്കി ഉപയോഗപ്രദമാക്കുന്നതിന് ഇത്രയും കാലതാമസം നേരിട്ടതിന്റെ പ്രധാന കാരണം ശരിയായ ആസൂത്രണം കൃത്യമായ മോണിറ്ററിംഗ് ഇവയില്ലാത്തതാണ്. രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന പ്രദേശമാണെന്ന് കമ്മിറ്റിതീരുമാനത്തിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കുഴൽകിണറിന് ആവശ്യമായ പ്ലംബിംഗ് പ്രവർത്തികൾ അടിയന്തിരമായി പൂർത്തിയാക്കി കുഴൽകിണർ പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 കരാർ കാലാവധി കഴിഞ്ഞിട്ടും സൗരോർജ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല

പ്രോജക്ട് നമ്പർ 181/22

അടങ്കൽ - 563,200/- (സി.എഫ്.സി ഗ്രാന്റ് )

ചെലവ് - 5,05000/- (Pfms – R1032202383709 തീയതി : 19/03/2022)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അക്രഡിറ്റഡ് ഏജൻസിയായ ANERT മുഖാന്തിരം പഞ്ചായത്തിൽ ഹൈബ്രിഡ് സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 17/01/2022 ലെ ഭരണസമിതി മീറ്റിംഗിൽ തീരുമാനിച്ചിരുന്നു. ആയത് പ്രകാരം ആസൂത്രണ സമിതി അംഗീകാരവും സാങ്കേതികാനുമതിയും ലഭ്യമാക്കി 15/03/2022 ൽ ANERT മായി കരാറിലേർപ്പെടുകയും 19/03/2022 ൽ തുക ANERT ന്റെ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തു. തുക കൈമാറിയ തീയതി മുതൽ ആറു മാസത്തിനുള്ളിൽ പദ്ധതി പ്രവർത്തനം പൂർത്തീകരിക്കുമെന്നായിരുന്നു കരാറിലെ ക്രമനം : (4) ലെ നിബന്ധന. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി നിർവഹിക്കുന്നതിന് 30/08/22 ൽ പഞ്ചായത്ത് കത്തു നൽകിയെങ്കിലും നാളിതുവരെ സൗരോർജ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ ഡെപ്പോസിറ്റ് ചെയ്ത തുക ദേശസാൽകൃത ബാങ്ക്

അനുവദനീയമായ സേവിംഗ്സ് ബാങ്ക് പലിശയുൾപ്പെടെ തിരികെ നൽകുമെന്നാണ് കരാറിൽ ക്രമ നം: 16 ലെ നിബന്ധന.

കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് ANERT ന കത്തു നൽകിയെങ്കിലും പ്രവൃത്തി നിർവഹിച്ചില്ലായെന്നാണ് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29; തീയതി : 13/02/2022) മറുപടി നൽകിയത്. കരാർ പ്രകാരമുള്ള പ്രവൃത്തി നിർവഹിക്കുന്നതിന് ANERT നോട് ആവശ്യപ്പെടേണ്ടതും പ്രവൃത്തി നിർവഹിച്ചില്ലായെങ്കിൽ ഡെപ്പോസിറ്റ് ചെയ്ത തുക പലിശയുൾപ്പെടെ ഈടാക്കേണ്ടതുമാണ്.

## 1-20 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 80,000/-രൂപ തടസപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ 11/22 ഐ.കെ.എം ന് വിഹിതം നൽകൽ

അടങ്കൽ - 80,000/- (ഡവലപ്മെന്റ് ഫണ്ട് ജനറൽ )

ചെലവ് : 80,000/ (ബിൽ നം: 9/22 : 02/07/22) (BRN 21010852063700162727)

നിർവഹണം - സെക്രട്ടറി

ഐ.കെ.എം ന് വിഹിതം നൽകൽ ഇനത്തിൽ 80,000/- രൂപ മേൽ പ്രകാരം 2021-22 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയതു ലഭ്യമാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നു ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. (നമ്പർ 29; തീയതി:13/02/2022) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-21 പ്രവർത്തന രഹിത ഇലക്ട്രോണിക് ഉപകരണങ്ങൾ - നിർമാർജനം ചെയ്തിട്ടില്ല.

2021-22 സാമ്പത്തിക വർഷം പഞ്ചായത്ത് ഓഫീസിലെ ഉപയോഗങ്ങൾക്കായും ഘടക സ്ഥാപനങ്ങൾക്കായും കമ്പ്യൂട്ടർ, പ്രിന്റർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പുതുതായി കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങുന്നതിനു മുൻപ് നിലവിലുള്ളവയിൽ പ്രവർത്തന സജ്ജമാക്കുവാൻ കഴിയുന്നവ റിപ്പയർ ചെയ്ത് പ്രവർത്തിപ്പിക്കേണ്ടതും, പ്രവർത്തന സജ്ജമാക്കുവാൻ കഴിയാത്ത ഉപകരണങ്ങൾ സ.ഉ.(കൈ) നം.27/2018/ഐ.റ്റി.ഡി. തീയതി 28.10.2018, സ.ഉ.(കൈ) നം.30/2021/ഐ.റ്റി.ഡി. തീയതി 01.10.2021 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് നിർമാർജ്ജനം ചെയ്യേണ്ടതുമാണ്. നിലവിൽ ആയുർവേദ ആശുപത്രി, എ.ഇ ഓഫീസ് , ഹോമിയോ ആശുപത്രി, വെറ്റിനറി ആശുപത്രി എന്നിവിടങ്ങളിൽ ഓരോ കമ്പ്യൂട്ടർ വീതം പ്രവർത്തന രഹിതമായി സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് സർക്കാർ ഉത്തരവുകൾക്കു വിധേയമായി നിർമാർജനം ചെയ്യുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. (നമ്പർ 30 തീയതി:13/02/2022) . പഞ്ചായത്ത് ഓഫീസിലും എല്ലാ ഘടക സ്ഥാപനങ്ങളിലും പ്രവർത്തന രഹിതമായ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്നവ പ്രവർത്തന ക്ഷമമാക്കേണ്ടതും ബാക്കിയുള്ളവ സർക്കാർ ഉത്തരവുകൾക്കനുസൃതമായി നിർമാർജനം ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

A) കേരശ്രീ സമ്പൂർണ്ണ കേര ഗ്രാമം നാളികേര വികസന പദ്ധതി : പദ്ധതി പ്രകാരം തെങ്ങിൻ തൈ വിതരണം നടത്തിയ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 156 ഗുണഭോക്താക്കളിൽ 115 മുതൽ 144 വരെയുള്ള ഗുണഭോക്താക്കൾ വിതരണ രജിസ്റ്ററിൽ തെങ്ങിൻ തൈ കൈപ്പറ്റിയതായി ഒപ്പു വച്ചിട്ടില്ല.

B) സുഭിക്ഷ കേരളം വാഴ കൃഷി :

I) ശ്രീമതി പത്മകുമാരി C/o. ശ്രീധരൻ പിള്ള ശ്രീശൈലം ആനാംകുടി 2800/- രൂപ ആനുകൂല്യം കൈപ്പറ്റിയിരിക്കുന്നു. എന്നാൽ ഈ വ്യക്തി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

Ii) അപേക്ഷകളിൽ രേഖപ്പെടുത്തുന്ന ബാങ്ക് അക്കൗണ്ടുകൾക്ക് പകരം മറ്റ് ബാങ്കുകളിലെ അക്കൗണ്ടുകളിലേക്ക് ആനുകൂല്യം അനുവദിച്ചിരിക്കുന്നു. ഉദാ: ശോഭന കുമാരി, മിനി കുമാരി, ഫസീല ബീവി

Iii) വാഴ കൃഷിയിലെ ഗുണഭോക്താവായ ശ്രീമതി ഷെർലി, ശ്രീ സദനം പൂവത്തൂർ നീർമൻ കടവ് എന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തി ആനുകൂല്യം നൽകിയിരിക്കുന്നു.

അക്കൗണ്ട് നമ്പറായി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത് കാനറ ബാങ്കിന്റെ 1045101025756 എന്നാണ്; ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം തുക (ആനുകൂല്യം) കൈമാറിയിരിക്കുന്നത് 1045101025256 എന്ന അക്കൗണ്ടിലുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (27/13.02.2023)

ഗുണഭോക്താക്കൾ വിതരണ രജിസ്ററിൽ ഒപ്പ് രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട പുരുഷന്മാർക്ക് പകരം റേഷൻ കാർഡിലെ വനിതകൾക്ക് ആനുകൂല്യം നൽകാവുന്നതാണെന്ന കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്തൃ ലിസ്റ്റിൽ അഞ്ചാമതായിട്ടുള്ള ശ്രീജിത്തിനെ പകരം ശ്രീമതി പത്മകുമാരിയ്ക്ക് ആനുകൂല്യം അനുവദിച്ചതെന്നും കർഷകർക്ക് സാംഖ്യയിൽ ഒന്നിലധികം ബാങ്ക് അക്കൗണ്ട് ഉള്ളതിനാൽ അവരുടെ അനുവാദത്തോടുകൂടിയാണ് അവരുടെ തന്നെ അക്കൗണ്ടിലേക്ക് ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്നും വാഴകൃഷിയുടെ ഗുണഭോക്താവായ ശ്രീമതി. ഷെർലി, ശ്രീസദനം എന്ന വ്യക്തിയുടെ അക്കൗണ്ട് നമ്പർ തെറ്റായതിനാൽ ആനുകൂല്യം ഗുണഭോക്താവിന് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു. ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഗുണഭോക്താക്കളുടെ അപേക്ഷകളിലെ അക്കൗണ്ട് നമ്പർ ആധികാരികമായി പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷം മാത്രം ആനുകൂല്യങ്ങൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചിട്ടില്ല

കോവിഡ് വ്യാപനം രൂക്ഷമയതിനൽ സർക്കാർ നിർദേശാനുസരണം 2020-21 ൽ വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിന് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പദ്ധതികളുടെ ഗുണഭോക്താക്കളെ നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന കമ്മിറ്റി തിരഞ്ഞെടുത്ത് ഭരണസമിതി അംഗീകാരം നൽകി ആനുകൂല്യം നൽകിയിട്ടുണ്ട്. 2021 ഫെബ്രുവരി മാസത്തിൽ 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണത്തിനായി ഗ്രാമസഭ കൂടിയതിന് ശേഷം 2022 ഫെബ്രുവരി മാസത്തിലാണ് തുടർന്നുള്ള ഗ്രാമസഭകൾ 2022-23 പദ്ധതി രൂപീകരണവുമായി നടന്നിട്ടുള്ളത് . 2021-22 ൽ വ്യക്തിഗതാനുകൂല്യങ്ങൾക്കായുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രസ്തുത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 14.02.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.33/23 ന് മറുപടിയായി അടുത്ത ഗ്രാമസഭാ യോഗത്തിൽ സാധൂകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വ്യക്തിഗതാനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-24 മുൻ വർഷങ്ങളിലെ ഇ ടെണ്ടർ ഫോറം വില അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിലവിലുള്ള അക്കൌണ്ടിൽ (നം. 38560260516) 01.04.2021 ൽ 524562/- രൂപ നീക്കിയിരിപ്പുണ്ടായിരിക്കുകയും ആയതിൽ 8.10.2021 ൽ 158450/- രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിൽ ചെക്ക് മുഖാന്തിരം കൈമാറി നൽകിയിട്ടുള്ളതുമാണ്. 31.3.2022 ൽ 468038/- രൂപ അക്കൌണ്ടിൽ അവശേഷിക്കുന്നുമുണ്ട്. അക്കൌണ്ടിൽ നിലനിർത്തിയിരിക്കുന്ന തുകയുടെ വിശദാംശങ്ങളും ആയതിനുള്ള കാരണങ്ങളും അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണനം.34/23, തീയതി :14.02.2023 ന് മറുപടിയായി മുൻ വർഷങ്ങളിൽ ഇ-ടെൻഡർ ഫോറം വിലയിനത്തിലെ തുക കേരള പ്രൊക്യൂർമെന്റ് വഴി ലഭ്യമായതാണെന്നും 2021-22 ൽ ഈയിനത്തൽ ലഭ്യമായ 117086/- രൂപ 3.08.2022 ൽ സെക്രട്ടറിയുടെ അക്കൌണ്ടിൽ ഒടുക്കിയിട്ടുണ്ടെന്നും മറുപടി നൽകി. ശേഷിക്കുന്ന തുകയെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുള്ളതായും മറുപടി നൽകി. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കി ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക അടിയന്തിരമായി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ ഒടുക്കി അറിയിക്കേണ്ടതാണ്.

## 1-25 കന്നുകുട്ടി പരിപാലനം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0082/22 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ തുക | 750000/- |
| ചെലവായ തുക | 3750000/- |
| ബിൽ നമ്പർ/തീയതി | 6/21-22 തീ.16.02.22 |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതിക്കായി 2021-22 വർഷം 375000/- രൂപ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പിൻവലിച്ച SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. മൃഗാശുപത്രിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തെരെഞ്ഞെടുക്കുന്ന 30 ക്ഷീര കർഷകരുടെ കന്നുകുട്ടികൾക്ക് നൽകുന്ന പദ്ധതിയിൽ അനുയോജ്യമായ കന്നുകുട്ടികളെ വെറ്ററിനറി സർജൻ മുൻഗണന ലിസ്റ്റിൽ നിന്നും തെരെഞ്ഞെടുക്കുന്നു. ഏത് ക്ഷീരസംഘം വഴിയാണ് തീറ്റ വിതരണം നടത്തേണ്ടത് എന്ന പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 32 മാസം വരെയോ സബ്സിഡി തുക അധികരിക്കാതെ വിതരണം ചെയ്യുന്നു. SLBP ഡെപ്യൂട്ടി ഡയറക്ടറുടെ 08.02.2023ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 219690/-രൂപ വിനിയോഗിച്ചതായും 155310/-രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നതായും പദ്ധതി നിലവിലും തുടരുന്നതായും അറിയിച്ചിരിക്കുന്നു. ചെലവഴിക്കാൻ

അവശേഷിക്കുന്ന തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/07.02.2023) 21-22 വർഷത്തെ SLBP പദ്ധതി നിലവിൽ തുടർന്നു കൊണ്ടിരിക്കുന്നതായും അതിനാൽ അവശേഷിക്കുന്ന തുക ചെലവാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കന്നുക്കുട്ടി പരിപാലനം എന്ന പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ നല്കിയ തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Financial Year | Fund Received From Local Body | Amount Utilised | Unspent Balance | Remarks |
|---|---|---|---|---|
| 2020-21 | 375000/- | 347460/- | 27540/- | Scheme Was Completed On 03.12.2022 |
| 2021-22 | 375000/- | 219690 | 155310/- | Scheme Is Still Continuing. |

## 1-26 ആട് വളർത്തൽ സബ്സിഡി തുക- തെറ്റായ അക്കൗണ്ട് നമ്പറിലേക്ക്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്0083/22 |
| പ്രോജക്റ്റിന്റെ പേര് | ആട് വളർത്തൽ (വനിത) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ തുക | 1296000/- (വികസന ഫണ്ട്) |
| ചെലവായ തുക | 296000/- |
| ബിൽ നമ്പർ/തീയതി | 7/21-22 തീ.19.02.22<br>8/21-22 തീ. 07.03.22 |

വനിതകളുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി ഗ്രാമസഭ അംഗീകരിച്ചിട്ടുള്ള ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് 6-8 മാസം പ്രായം ഉള്ളതും 12 കിലോയെങ്കിലും തൂക്കം വരുന്നതുമായ ഒരു പെണ്ണാടിനെ 8000/- രൂപ വില കണക്കാക്കി അതിൽ 4000/- രൂപ നേരിട്ട് ചെലവഴിച്ച് ആടിനെ വാങ്ങുന്നതിന് സബ്സിഡി 4000/- രൂപ ആടിനെ വിൽക്കുന്ന ആളിന്റെ അക്കൗണ്ടിലേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതുമാ ണ് പദ്ധതിയുടെ ലക്ഷ്യം.

എന്നാൽ, ചുവടെ ചേർത്തിരിക്കുന്ന അപേക്ഷയോടൊപ്പം നൽകിയിരിക്കുന്ന അക്കൗണ്ട് നമ്പറിൽ അല്ല തുക മാറിയിരിക്കുന്നത്. വിശദവിവരം,

| ക്രമ നമ്പർ | അപേക്ഷകയുടെ പേര് | ആടിനെ വിറ്റ വ്യക്തി | അപേക്ഷയോടൊപ്പം നൽകിയിരിക്കുന്ന അക്കൌണ്ട് നമ്പർ | തുക മാറി നൽകിയ അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| 1 | ബേബി.പി | ജിതിൻ.എസ് | 67237100850 | 40343101073623 |
| 2 | രാജമ്മാൾ.വി.കെ | അമ്പിളി | 14220100114519 | 40338101014718 |
| 3 | സുലോചന.ആർ | സിന്ധു.എസ് | 02595053000017633 | 40343101080049 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/23 തീ.07.02.23)നൽകിയ മറുപടിയിൽ ആടിനെ വിറ്റയാൾക്ക് തുക മാറിയിരിക്കുന്നത് "സാംഖ്യ" വഴിയാണെന്നും ആദ്യം ആധാർ നമ്പർ Enter ചെയ്യുമ്പോൾ " Beneficiary Already Entered" എന്ന് കാണുന്നവരെ " Client Project Mapping" ൽ ഉൾപ്പെടുത്തിയിരുന്നുവെന്നും എന്നാൽ മേൽ പറഞ്ഞവർ ആദ്യം മറ്റൊരു ബാങ്ക് അക്കൗണ്ടാണ് നൽകിയിരുന്നതെന്നും അതിനാൽ ബിൽ എടുത്തപ്പോൾ ഈ നമ്പറുകൾ Inactive ആയതുകാരണം അവർക്ക് തുക കിട്ടിയിരുന്നില്ലെന്നും അറിയിച്ചു. വാർഡ് മെമ്പറും, ഗുണഭോക്താവും സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോഴാണ് ഇത് മനസിലായതെന്നും പിന്നീട് "Beneficiary Account Correction" വഴി അപേക്ഷയോടൊപ്പമുള്ള അക്കൗണ്ട് നമ്പർ ചേർത്ത് തുക കൈമാറിയിട്ടുണ്ടെന്നും മറുപടി നൽകി. ഭാവിയിൽ ഇത്തരം അപാകത വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ചെലവ് രേഖകൾ ഹാജരാക്കിയില്ല – 1,60,000/- രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | വൗച്ചർ നം. | ചെലവിന്റെ വിവരം | തുക | ചെക്ക് നമ്പർ /തീയതി |
|---|---|---|---|---|
| 1 | 22100020 | പൾസ് പോളിയോ പ്രോഗ്രാം | 10000/- | 217858/ 09.04.21 |

| | | | | |
|---|---|---|---|---|
| 2 | 22100193 | മഴക്കാല പൂർവ ശുചീകരണം | 150000/- | 656697/ 07.06.21 |
| | | ആകെ | 160000/- | |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹിച്ച പൾസ് പോളിയോ പ്രോഗ്രാമിനുവേണ്ടി 10000/- രൂപയും GO(Rt)No. 1052/2021/LSGD തീ.27.05.21 ഉത്തരവിന്റെ അടിസ്ഥാനത്തിൽ മഴക്കാല പൂർവ ശുചീകരണത്തിനായി 150000/- രൂപയും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് (പി.എച്ച്.സി) നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ചെലവ് രേഖകളൊന്നും തന്നെ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/23) ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ. സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ"VEELS"-എന്നസൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾപ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 38/29.11.22- ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്താതെ വാഹനങ്ങൾക്കായി തുക അനുവദിക്കുന്നത് ഉത്തരവിന്റെ ലംഘനമായി മാറുന്നതിനാൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 ബഡ്സ് സ്കൂൾ തുടർപ്രവർത്തനങ്ങൾ

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പകൽ പരിപാലനം, തൊഴിൽ പരിശീലനം എന്നീ സേവനങ്ങൾ നൽകുന്ന ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട ബഡ്സ് റിഹാബിലിറ്റേഷൻ മാർഗ്ഗരേഖ ഉത്തരവ് നമ്പർ 144/ 2013 തസ്വഭവ തീയതി. 6.4.2013 ലെ ഖണ്ഡിക 14 പ്രകാരം ദേശീയ വികലാംഗ ജനനിയമമനുസരിച്ചുള്ള അംഗീകാരം സ്ഥാപനം ആരംഭിച്ച് ആറുമാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യ ക്ഷേമ ഡയറക്ടറേറ്റിൽ നിന്നും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വാമനപുരം ഗ്രാമപഞ്ചായത്തിലെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. 2020 ൽ പ്രവർത്തനമാരംഭിച്ച ബഡ്സ് സ്കൂൾ 19 കുട്ടികളോടെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. അംഗീകാരം സംബന്ധിച്ച രേഖകൾ ഹാജരാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (10/08.02.2023) സ്ഥാപനത്തിന്റെ അംഗീകാരത്തിനായി സാമൂഹ്യനീതി വകുപ്പിലേക്ക് 18.10.2022 ന് അപേക്ഷ നല്കിയതായും പരിശോധന കഴിഞ്ഞ് പോയതാണെന്നും അറിയിച്ചിരിക്കുന്ന ബഡ്സ് റിഹാബിലിറ്റേഷൻ സെൻറർ തദ്ദേശസ്ഥാപനത്തിന്റെ കീഴിൽ നല്ല നിലവാരത്തോടെ പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടങ്കൽ | സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | കേദാരം 01/22 | 51000 | 51000 |
| | ലൈഫ് ഭവനപദ്ധതി (എസ്.സി) 164/22 | 500000 | 120000 |
| | ലൈഫ് ഭവനപദ്ധതി 2020 (എസ്.സി) 113/22 | 5,87,000 | 5,80,000 |
| | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 19/22 | 2,85,000 | 2,79,000 |
| | ന്യൂ ലൈഫ് കോളനി നവീകരണം (ജനറൽ) 120/22 | 0 | 0 |
| | ന്യൂ ലൈഫ് സമഗ്ര കോളനി നവീകരണം (പട്ടികജാതി) 118/22 | 4,80,000 | 2,40,000 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി 56/22 | 4,00,000 | 2,31,098 |
| ആകെ | | | 15,01,098 |
| ജില്ലാ പഞ്ചായത്ത് | കേദാരം 01/22 | 64,000 | 63,750 |
| | ലൈഫ് ഭവനപദ്ധതി (എസ്.സി) 164/22 | 4,75,000 | 0 |
| | ലൈഫ് ഭവനപദ്ധതി 2020 (എസ്.സി) 113/22 | 0 | 0 |
| | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 19/22 | 2,85,000 | 2,37,000 |
| | ന്യൂ ലൈഫ് കോളനി നവീകരണം (ജനറൽ) 120/22 | 3,20,000 | 2,70.000 |
| | ന്യൂ ലൈഫ് സമഗ്ര കോളനി നവീകരണം (പട്ടികജാതി)118/22 | 1,60,000 | 1,60,000 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി 56/22 | 4,00,000 | 3,17,889 |
| ആകെ | | | 10,48,639 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| സ്ഥാപനം | മുന്നിരിപ്പ് (B4 ഷെഡ്യൂൾ) (2020-21) | വരവ് | ആകെ | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾ ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 44362 | 1510118/- | 1554480/- | 15,01,098/- | 53,382/- |
| ജില്ലാ പഞ്ചായത്ത് | 18,25,304 | 10,55,229 | 28,80.533/- | 10,48,639/- | 18,31,894 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | KWA | 178/22 കടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 5,26,600/- | 0 | 5,26,600/- |
| | | 176/22 കടിവെള്ള പൈപ്പ് | 17,60,087/- | 0 | 17,60,087/- |

| | | | | | |
|---|---|---|---|---|---|
| | | ലൈൻ ദീർഘിപ്പിക്കൽ രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങൾ | | | |
| | | 94/22 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 25,00,000/- | 0 | 25,00,000/- |
| | | 188/22 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 6,05,280/- | 0 | 6,05,280/- |
| | | 189/22 കുറ്റിമൂട് മുതൽ കാഞ്ഞിരം പാറ വരെയുള്ള കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 1,86,000 | 0 | 1,86,000 |
| 2 | ANERT | 181/22 പഞ്ചായത്ത് ഓഫീസിൽ സോളാർ സ്ഥാപിക്കൽ | 505000 | 0 | 505000 |
| 3 | Ground Water | 96/22 ആനാകുടി എഫ്.എച്ച്.സി യിൽ കുഴൽകിണർ നിർമാണം | 72099 | 0 | 72099 |

2021-22 ലെ ഡെപ്പോസിറ്റ് വർക്കിനത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

| സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം നൽകിയ തുക സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം | ആകെ | നീക്കിയിരിപ്പ് (AFS പ്രകാരം) |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | 84,60,274 | 55,77,967 | 1,40,38,241 | 1,41,67,179 |
| KSEB | 339560 | 0 | 339560 | 339560 |
| ANERT | 505000 | 0 | 505000 | 505000 |
| Ground Water | 72099 | 0 | 72099 | 72099 |

വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ 2021-22 സാമ്പത്തിക വർഷം നൽകിയ തുകയിൽ ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ബാക്കി തുകയും 2022-23 സാമ്പത്തിക വർഷം ലഭ്യമായിട്ടുണ്ട്. ആയത് രേഖപ്പെടുത്തി വാർഷിക ധനകാര്യ പത്രിക ക്രമീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (തൻവർഷ ബി5 പ്രകാരം) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു,ആർ.ഡി.എഫ്.സി | | 40,40,000 | 3,52,38,821/ | 31,26,667 | | 3,61,52,154 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വായ്പ ,വായ്പ തിരിച്ചടവ് തുകകൾ വായ്പ ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. തൻ വർഷം 19,80,000/- രൂപയാണ് വായ്പയെടുത്തിട്ടുള്ളത്. വായ്പ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിലേത് മുൻ വർഷങ്ങളിലെ വായ്പ തുകയും തിരിച്ചടവും പരിശോധിച്ച് ഉറപ്പു വരുത്തി തൻ വർഷത്തെയുൾപ്പെടെ ആവശ്യമായ തിരുത്തൽ വരുത്തി അക്കൗണ്ട്സ് ക്രമീകരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമാക്കിയില്ല

### 4-8 ചാർജ് സർചാർജ് നടപടി വിവരം

ലഭ്യമാക്കിയില്ല

### 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 74,12,099 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,18,13,828 |
| ആകെ | 8,92,25,927 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,82,79,383 |
| നീക്കിയിരിപ്പ് | 1,09,46,544 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ----- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 240,000/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 80,000/- | ശ്രീ.മനോജ്. എസ്. സെക്രട്ടറി |
| 1-27 | 1,60,000/- | ഡോ.ജിജോ മാത്യു, മെഡിക്കൽ ഓഫീസർ ( FHC) |
| ആകെ | 2,40,000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.മനോജ്. എസ്. സെക്രട്ടറി | ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം | മാനസ സരസ്, എടവക്കോട്, ശ്രീകാര്യം.പി.ഒ |
| ഡോ.ജിജോ മാത്യു, മെഡിക്കൽ ഓഫീസർ | ആനാകുടി കുടുംബാരോഗ്യ കേന്ദ്രം | റ്റി.സി 16/126 കൃഷ്ണവിലാസം റോഡ് , തിരുവനന്തപുരം 14 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 7 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 12 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 15 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 7 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 17 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 9 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 6 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 7 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജിപി.10/522/2018 തീയതി: 17.04.2018 | 9 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/2589/2018 തീയതി : .10/19 | 6 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1061/2020 തീയതി 17/02/21 | 36 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജിപി.10/1576/2021 തീയതി : 07/12/21 | 41 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജിപി.10/746/2022 തീയതി : 11/06/22 | 41 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്